മുന്നോക്ക സമുദായക്ഷേമ കോർപ്പറേഷൻ രൂപീകരണം

6 (2102) ശ്രീ. കെ. ബാബു :
ശ്രീമതി രാധാരാഘവൻ :
ശ്രീ. പി. ജെ. ജോയി :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. എ. കെ. മാണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഒരു മുന്നോക്ക സമുദായ ക്ഷേമ കോർപ്പറേഷൻ രൂപീകരിക്കാനുള്ള ആവശ്യം ഉയർന്നിട്ടുണ്ടോ ;

(ബി) എങ്കിൽ അപ്രകാരമുള്ള ഒരു കോർപ്പറേഷൻ രൂപീകരിക്കുവാൻ ഉദ്ദേശമുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

നിയമന നിരോധനവുമായി ബന്ധപ്പെട്ട ഉത്തരവുകൾ

7 (2104) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ നിയമന നിരോധനം നിലവിലുണ്ടോ ;

(ബി) ധനകാര്യ വകുപ്പിന്റെ 16-1-2002-ലെ 56/02-ാം നമ്പർ ഉത്തരവിൽ എന്തെല്ലാം ഇളവുകളാണ് പിന്നീട് പ്രഖ്യാപിച്ചത് ; അതിന്റെ കോപ്പി മേശപ്പുറത്ത് വയ്ക്കാമോ ;

(സി) റിട്ടയർമെന്റ് വേക്കൻസിയിലുള്ള നിയമനത്തിന് ബന്ധപ്പെട്ട വകുപ്പിൽ നിന്നും മുൻകൂട്ടി അനുവാദം വാങ്ങണമെന്ന വ്യവസ്ഥ നിലവിലുണ്ടോ ;

(ഡി) ഇത് സംബന്ധമായ ഉത്തരവിന്റെ കോപ്പി മേശപ്പുറത്ത് വയ്ക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ജി. ഒ. (പി) നം. 328/03/ഫിൻ തീയതി 19-6-2003 പ്രകാരം പ്രഖ്യാപിച്ചിട്ടുള്ള ഇളവുകൾ താഴെ പറയുന്നവയാണ്.

(എ) 16-1-2002-നുശേഷം സർവ്വീസിൽ പ്രവേശിച്ച എല്ലാവർക്കും അടിസ്ഥാന ശമ്പളത്തോടൊപ്പം ക്ഷാമബത്തയും മറ്റ് അലവൻസുകളും 1-6-2003 മുതൽ നൽകാൻ തീരുമാനിച്ചു. 19-6-2003-ലെ പ്രസ്തുത ഉത്തരവിനുശേഷം സർവീസിൽ പുതുതായി വരുന്നവർക്കും ടി ആനുകൂല്യങ്ങൾ സർവീസിൽ ചേരുന്ന ദിവസം മുതൽ ലഭിക്കാൻ അർഹതയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഒരു വർഷം 10 ആർജ്ജിത അവധി സറണ്ടർ ചെയ്യാൻ അനുവദിച്ചു.

(സി) പെൻഷൻ കമ്മ്യൂട്ടേഷന്റെ റിസ്റ്റോറേഷൻ പിരീയഡ് 15-ൽ നിന്നും 12 വർഷമായി പുതുക്കി നിശ്ചയിച്ചു.

(ഡി) പ്രൊട്ടക്ടഡ് അദ്ധ്യാപകരുടെ പ്രൊട്ടക്ഷനുവേണ്ടിയുള്ള കട്ട് ഓഫ് തീയതി 14-7-1997 ആയി നിലനിർത്തികൊണ്ട് അവരുടെ ശമ്പളം തുടർന്നു നൽകാനും ഇനിയുണ്ടാകുന്ന ഒഴുവുകളിൽ നിയമിക്കാനും തീരുമാനിച്ചു. ഉത്തരവിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുന്നു.

(സി) ജി. ഒ. (പി) നം. 572/02/ധന തീയതി 24-9-2002 പ്രകാരം ഒഴിവുകൾ പി. എസ്. സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിനു മുമ്പ് ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പിലെ സർപ്ലസ് മാൻ പവർ സെല്ലിന്റെ അനുമതി വാങ്ങിയിരിക്കണം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ഡി) ഉത്തരവിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുന്നു.*

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ് പിന്നോക്ക സമുദായാംഗങ്ങൾക്ക് തൊഴിൽ സംവരണം ലഭ്യമാക്കാൻ നടപടി

8 (T 2105) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി/പട്ടികവർഗ്ഗം/മറ്റ് പിന്നോക്കസമുദായങ്ങളിൽപ്പെട്ട എത്ര പേർക്ക് സർക്കാർ സർവീസിൽ നിയമനം നൽകിയിട്ടുണ്ടെന്ന് വേർതിരിച്ച് പറയാമോ ;

(ബി) നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാതിരിക്കുമ്പോൾ അതിന് ആനുപാതികമായി പ്രസ്തുത വിഭാഗങ്ങളുടെ അവസരങ്ങൾ നഷ്ടപ്പെടുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ അത് പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ഡി) നിയമാനുസരണമുള്ള തൊഴിൽ സംവരണം എല്ലാവർക്കും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി&സി) പുനർ വിന്യാസ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പി.എസ്.സി. റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളിൽ നിയമനം നടത്താൻ സാധിക്കുകയും അത് വഴി എല്ലാ വിഭാഗങ്ങൾക്കും നിയമനം ലഭിക്കുന്നതിന് അവസരം ലഭിക്കുകയും ചെയ്യും.

(ഡി) നിയമാനുസരണമുള്ള തൊഴിൽ സംവരണം എല്ലാ വിഭാഗങ്ങൾക്കും നൽകി വരുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly